REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-10-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **പുതുക്കിയ GST ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ 54 ഉൽപ്പന്നങ്ങളുടെ വില സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.**
- **ഇന്ത്യ തദ്ദേശീയമായി പുതിയ ആന്റിബയോട്ടിക് വികസിപ്പിച്ചതായി കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗ്.**
- **കേരളത്തിൽ തുലാവർഷം ശക്തം. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **ഇന്ത്യ- ഓസ്ട്രേലിയ പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം രാവിലെ പെർത്തിൽ.**
- **ICC വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

**പുതുക്കിയ GST ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ 54 ഉൽപ്പന്നങ്ങളുടെ വില ധനകാര്യ മന്ത്രാലയം സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ഈ 54 ഇനങ്ങൾക്കും വരും തലമുറ GST ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ധനമന്ത്രി അറിയിച്ചു. ന്യൂഡൽഹിയിൽ GST ബചത് ഉത്സവ് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ.**

✪✪✪

ഇന്ത്യ തദ്ദേശീയമായി പുതിയ ആന്റിബയോട്ടിക് വികസിപ്പിച്ചതായി കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്രസിംഗ് അറിയിച്ചു. കാൻസർ രോഗികളിലെയും, നിയന്ത്രിതമല്ലാത്ത പ്രമേഹം ബാധിച്ചവരിലെയും ശ്വാസകോശ രോഗങ്ങൾക്ക് ഉപയോഗിക്കാവുന്ന 'നഫിത്രോമൈസിൻ' എന്ന ആന്റിബയോട്ടിക് മരുന്നാണിതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ ആരോഗ്യശില്പശാലയിൽ പറഞ്ഞു. വികസിത ഭാരത യാത്രയിൽ മുതൽക്കൂട്ടാകാവുന്ന കണ്ടുപിടുത്തമാണിതെന്ന് ഡോ. ജിതേന്ദ്രസിംഗ് അറിയിച്ചു.

✪✪✪

കഴിഞ്ഞ മാസം 22-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. രാജ്യത്തിന്റെ ഇലക്ട്രോണിക്സ് രംഗത്ത് GSTപരിഷ്കാരങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഒരു റിപ്പോർട്ട്.

...........വോയ്സ്.......

എല്ലാവർക്കും തങ്ങാനാവുന്ന വിലയിൽ ഉൽപന്നങ്ങൾ വാങ്ങാമെന്നായതോടെ വരുംതലമുറ GST പരിഷ്കാരങ്ങൾ സമൂഹത്തിലെ ഇലക്ട്രോണിക്സ് മേഖലയ്ക്ക് പുതിയ ഉണർവ് നൽകി. എയർ കണ്ടീഷണറുകൾ, ഡിഷ് വാഷറുകൾ, ടെലിവിഷനുകൾ തുടങ്ങിയവയ്ക്ക് GST നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചതോടെ കുറഞ്ഞ വരുമാനക്കാർക്കും ഇത്തരം ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്നുണ്ട്.

ആഭ്യന്തര ഉൽപാദകരുടെ വിപണി വിപുലീകരണത്തിനും നടപടി സഹായിക്കുന്നു. മോണിറ്ററുകൾക്കും പ്രൊജക്ടറുകൾക്കും GST നിരക്ക് 28 ൽ നിന്ന് 18 ശതമാനമായി കുറച്ചു. ഈ നീക്കം ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുക മാത്രമല്ല, രാജ്യത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്.

✪✪✪

GST പരിഷ്കരണം സംസ്ഥാനത്ത് സാധാരണക്കാർക്ക് വലിയ രീതിയിൽ ഗുണകരമാകുന്നുണ്ട്.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

......( വോയ്സ്)...............

✪✪✪

കേരളത്തിൽ തുലാവർഷം ശക്തം. വടക്കൻ കേരളത്തിൽ ഇന്ന് മുതൽ അതിതീവ്ര മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ,പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

കനത്ത മഴയും നാശനഷ്ടങ്ങളുമുണ്ടായ ഇടുക്കിയിൽ ഇന്നലെ രാത്രിയും, ഇന്ന് പുലർച്ചെയും ശക്തമായ മഴ തുടരുകയാണ്. കുമളി, ചെളിമട, ഒന്നാംമൈൽ, വലിയകണ്ടം എന്നിവിടങ്ങളിലെ വീടുകളിൽ വെള്ളം കയറി.

ഇടുക്കി വെള്ളാരംകുന്നിൽ കനത്തമഴയിൽ റോഡിലേക്ക് ഇടിഞ്ഞു വീണ മൺകൂനയിലേക്ക് ബൈക്ക് ഇടിച്ച് കയറി പറപ്പള്ളിൽ വീട്ടിൽ തങ്കച്ചൻ എന്നയാൾ മരിച്ചു. കുമളി - ആന വിലാസം റോഡിലായിരുന്നു അപകടം. KK റോഡിലെ കുമളി ചെളിമട ഭാഗത്ത് മരംവീണ് ഗതാഗതം തടസപ്പെട്ടു.

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 138.9 അടിയിൽ തുടരുകയാണ്. ഡാമിന്റെ 13 സ്പിൽവേ ഷട്ടറുകൾ വഴി വെള്ളം ഒഴുക്കുന്നുണ്ട്. സെക്കന്റിൽ 7,305 ഘന അടി വെള്ളമാണ് പെരിയാറിലേക്ക് തുറന്നു വിട്ടിരിക്കുന്നത്.

✪✪✪

മുതിർന്ന പൗരന്മാർക്ക് വിവിധ മേഖലകളിൽ നൂതന ആശയങ്ങൾ അവതരിപ്പിക്കാൻ 'ന്യൂ ഇന്നിങ്സ്' പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. കേരളത്തിലെ യുവതയെ ചേർത്തുനിർത്തുന്നതിനൊപ്പം മുതിർന്ന പൗരന്മാർക്ക് പുതിയ

സംരംഭങ്ങളും സ്റ്റാർട്ട് അപ്പുകളും ആരംഭിക്കാൻ ഗവൺമെന്റ് പിന്തുണ നൽകുമെന്ന് മന്ത്രി കൊട്ടാരക്കരയിൽ അറിയിച്ചു.

✪✪✪

ശബരിമല വിഷയത്തിൽ കൃത്യമായ അന്വേഷണമാണ് നടക്കുന്നതെന്നും കുറ്റവാളികൾ പിടിക്കപ്പെടുമെന്നും മന്ത്രി VN വാസവൻ പറഞ്ഞു. പത്തനംതിട്ടയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഓഫിസിനു നേരെയുണ്ടായ ആക്രമണത്തിൽ LDF സംഘടിപ്പിച്ച യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ശബരിമല സ്വർണക്കവർച്ച കേന്ദ്ര ഏജൻസി തന്നെ അന്വേഷിക്കണമെന്ന് മുൻ കേന്ദ്രസഹമന്ത്രി V.മുരളീധരൻ കോഴിക്കോട് പറഞ്ഞു. കേസ് അന്വേഷണം അട്ടിമറിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. LDF ഭരണത്തിൽ സന്നിധാനത്ത് വീണ്ടും ആചാരലംഘനമാണ് ഉണ്ടായിരിക്കുന്നതെന്ന് മുരളീധരൻ പറഞ്ഞു. ദ്വാരപാലക പാളി പുറത്തുകൊണ്ടുപോയി പ്രദർശനവസ്തുവാക്കിയതോടെ ക്ഷേത്രശുദ്ധി കൈമോശം വന്നതായി മുരളീധരൻ അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണമോഷണത്തിൽ വമ്പൻ സ്രാവുകളെ സംരക്ഷിച്ച് പരൽമീനുകളെ പിടികൂടുകയാണെന്ന് BJP നേതാവ് K. സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. ഉണ്ണികൃഷ്ണൻ പോറ്റിയുടെ അറസ്റ്റ് വൈകിപ്പിച്ചത് തെളിവ് നശിപ്പിക്കാൻ വേണ്ടിയായിരുന്നുവെന്നും അദ്ദേഹ തൃശൂരിൽ പറഞ്ഞു. ശബരിമല സ്വർണമോഷണത്തിൽ അന്വേഷണം കേന്ദ്ര ഏജൻസിക്ക് വിടണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

ശബരിമലയിലെ ആചാരലംഘനത്തിനെതിരെ നാമജപ സമരം നടത്തിയ അയ്യപ്പഭക്തർക്കെതിരായ കേസുകൾ UDF അധികാരത്തിൽ വന്നാൽ പിൻവലിക്കുമെന്ന് പ്രതിപക്ഷ നേതാവ് VD. സതീശൻ പറഞ്ഞു. കോൺഗ്രസ് സംഘടിപ്പിച്ച വിശ്വാസ സംരക്ഷണ യാത്രകൾക്ക് സമാപനം കുറിച്ച് പന്തളത്ത് മഹാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു സതീശൻ.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ഇൻഡോർ ഹോൾക്കർ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം. പോയിന്റ്പട്ടികയിൽ നാലാം സ്ഥാനക്കാരായ ഇന്ത്യയ്ക്ക് തൊട്ടുമുകളിലാണ് ഇംഗ്ലണ്ടിന്റെ സ്ഥാനം.

ഇന്നലെ കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ പാകിസ്ഥാൻ-ന്യൂസിലാൻഡ് മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചു.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം രാവിലെ പെർത്തിൽ തുടങ്ങും. ഇന്ത്യൻ സമയം രാവിലെ ഒൻപതിനാണ് മത്സരം. രോഹിത് ശർമ്മയ്ക്കു പകരം, ശുഭ്മാൻഗില്ലാണ് ഇന്ത്യയെ നയിക്കുന്നത്. വിരാട് കോലിയും, രോഹിത് ശർമ്മയും ടീമിൽ തിരിച്ചെത്തിയതോടെ ആരാധകർ തികഞ്ഞ പ്രതീക്ഷയിലാണ്. പരമ്പരയിൽ മൂന്ന് മത്സരങ്ങളുണ്ട്.

✪✪✪

IFA ഫുട്ബോൾ ഷീൽഡ് മോഹൻ ബഗാന്. കൊൽക്കത്തയിൽ ഇന്നലെ ഈസ്റ്റ് ബംഗാളിനെ നാലിനെതിരെ അഞ്ച് ഗോളിന് തോൽപ്പിച്ചാണ് 125-ാമത് IFA ഷീൽഡ് മോഹൻ ബഗാൻ നേടിയത്. 21-ാം തവണയാണ് ബഗാൻ ഷീൽഡ് നേടുന്നത്.

✪✪✪

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കായികമേള 'കളിക്കളം' തിരുവനന്തപുരത്ത് ആരംഭിച്ചു. ആദ്യ ദിവസം വയനാട് പൂക്കോട് മോഡൽ റെസിഡൻഷ്യൽ സ്കൂൾ കണിയാമ്പറ്റയും, അംബേദ്കർ മെമ്മോറിയൽ MRS നല്ലൂർ നാട്, MRS ചാലക്കുടി ടീമുകൾ ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ്.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള-മഹാരാഷ്ട്ര മത്സരം സമനിലയിൽ പിരിഞ്ഞു. രണ്ടാം ഇന്നിങ്സിൽ മഹാരാഷ്ട്ര രണ്ട് വിക്കറ്റിന് 224 റൺസ് എന്ന നിലയിലായിരിക്കെയാണ് മത്സരം സമനിലയിൽ അവസാനിച്ചത്.

✪✪✪

കേരള ടൂറിസം വകുപ്പിന്റെ ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരം ഇന്ന് കാസർകോട് അച്ചാംതുരുത്തി കോട്ടപ്പുറം പാലത്തിന് സമീപം തുടങ്ങും. മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

തലശ്ശേരിയിൽ സമാപിച്ച കണ്ണൂർ ജില്ലാ സ്കൂൾ കായികമേളയിൽ പയ്യന്നൂർ ഉപജില്ലാ ചാമ്പ്യന്മാരായി. തുടർച്ചയായ 16-ാം തവണയാണ് പയ്യന്നൂർ ജേതാക്കൾ ആകുന്നത്. മട്ടന്നൂർ ഉപജില്ല രണ്ടാംസ്ഥാനവും ഇരിട്ടി മൂന്നാം സ്ഥാനവും നേടി.

✪✪✪

മലപ്പുറം കുറ്റിപ്പുറത്ത് കാർ ഓട്ടോറിക്ഷയുടെ പിന്നിലിടിച്ച് രണ്ട് പേർ മരിച്ചു. പാണ്ടികശാല സ്വദേശി ശ്യാം, എടച്ചലം സ്വദേശി റസാഖ് എന്നിവരാണ് മരിച്ചതെന്നാണ് റിപ്പോർട്ട്. പുലർച്ചെ ഒരു മണിയോടെയായിരുന്നു അപകടം.

✪✪✪

കോഴിക്കോട് നരിക്കുനിയിൽ ഇന്നലെ വൈകീട്ട് മിന്നലേറ്റ് വീട്ടമ്മ മരിച്ചു. പാറന്നൂർ സ്വദേശി സുനീറയാണ് മരിച്ചത്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തലശ്ശേരി അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരശ്ശീല വീഴും. വൈകിട്ട് മന്ത്രി O.R കേളു സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യും. ദേശീയ അവാർഡ് ജേതാവ് വിജയ രാഘവനെ ചടങ്ങിൽ സ്പീക്കർ A.N ഷംസീർ ആദരിക്കും.

✪✪✪

കോഴിക്കോട് കോർപ്പറേഷനെ മന്ത്രി മന്ത്രി P.A മുഹമ്മദ് റിയാസ് അതിദാരിദ്ര മുക്തമായി പ്രഖ്യാപിച്ചു. കോർപറേഷൻ സർവെയിൽ കണ്ടെത്തിയ 722 കുടുംബങ്ങളെ അതി ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചാണ് കോർപറേഷൻ ലക്ഷ്യത്തിലെത്തിയത്.

✪✪✪

പ്രമുഖ ഗാന്ധിയനും സർവ്വോദയ മണ്ഡലം മുൻ കണ്ണൂർ ജില്ലാ പ്രസിഡന്റും, റിട്ടയേഡ് അധ്യാപകനുമായ കണ്ണൂർ ഇരിട്ടി മുഴക്കുന്നിലെ P.കൃഷ്ണൻ നമ്പീശൻ നിര്യാതനായി. 92 വയസ്സായിരുന്നു. മാറാട്

**കലാപവേളയിൽ സമാധാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. സംസ്കാരം നാളെ രാവിലെ വീട്ട് വളപ്പിൽ നടത്തു.**

✪✪✪

**കണ്ണൂർ കൂത്തുപറമ്പിൽ വയോധികയുടെ സ്വർണ മാല പൊട്ടിച്ച് രക്ഷപ്പെട്ട നഗരസഭാ കൗൺസിലറെ പൊലീസ് പിടികൂടി. നഗരസഭയിലെ നാലാം വാർഡിലെ കൗൺസിലർ മൂര്യാട് സ്വദേശി PP രാജേഷിനെയാണ് അറസ്റ്റുചെയ്തത്. കൂത്തുപറമ്പ് സഹകരണ ആശുപത്രി സെക്യൂരിറ്റി ജീവനക്കാരൻ കൂടിയാണ് രാജേഷ്. കഴിഞ്ഞ വ്യാഴാഴ്ച ഉച്ചയ്ക്കായിരുന്നു സംഭവം.**

✪✪✪

**കോഴിക്കോട് നഗരത്തിലെ നടപ്പാതാ കൈയേറ്റങ്ങൾ ഉടൻ ഒഴിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു. ജില്ലാ പോലീസ് മേധാവിക്കും, നഗരസഭാ സെക്രട്ടറിക്കും ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകി. മൂന്നാഴ്ചക്കകം നടപടി റിപ്പോർട്ട് നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.**

✪✪✪

**കോഴിക്കോട് കൂടരഞ്ഞി പെരുമ്പൂളയിൽ ചൊവ്വാഴ്ച രാത്രി കിണറ്റിൽ അകപ്പെട്ട പുലിയെ രക്ഷപ്പെടുത്തി. പുലർച്ചെയോടെ പുലിയെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംഭവസ്ഥലത്ത് നിന്ന് മാറ്റി.**

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: ഹസ്ന ഫാത്തിമ, രജിന കെ ആസാദ്*
*DEO : ഷീബ*